# “തനിക്കുള്ളതൊക്കെയും”

## (മത്തായി 13:44- 46)

പ്രസംഗിക്കുന്ന നമ്മിൽ അധികം പേർക്കും, ചെറിയ ഒരു സത്യത്തെ വികസിപ്പിച്ചു നീണ്ട ഒരു പ്രസംഗമാക്കാൻ കഴിയും. അല്ലെങ്കിൽ, വലിയ സത്യങ്ങളെ ചെറിയ ശക്തമായ പ്രസ്താവനകളായി മാറ്റുവാൻ യേശുവിനു കഴിയുമായിരുന്നു.

ഈ പാഠത്തിൽ മൂന്നു വാക്യങ്ങളിലായി - രണ്ടു ഉപമകളിൽ കാണുന്ന യേശുവിന്റെ ശക്തികൾ അടങ്ങുന്ന രണ്ടു പ്രസ്താവനകളെയാണ് പഠിപ്പിക്കുവാൻ പോകുന്നത്:

> “സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി.
> പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാളെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി” (മത്തായി 13:44-46).

### രാജ്യത്തിന്റെ വില
### ഒളിച്ചു വച്ച നിധിയുടെ ഉപമ

മത്തായി 13:44 ആരംഭിക്കുന്നത് “സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സാദൃശം” എന്നാണ്. നിധി വയലിൽ ഒളിച്ചു വെക്കുക എന്ന ആശയം തികച്ചും അസാധാരണമായി തോന്നിയേക്കാം. എന്നാൽ യേശുവിനെ കേട്ടവർ തല കുലുക്കിയിരിക്കും. അക്കാലത്തു പണമോ മറ്റു വിലപിടിപ്പുള്ള എന്തെങ്കിലുമോ ബാങ്കിൽ നിക്ഷേപിച്ചാൽ എടുക്കാൻ ചെല്ലുമ്പോൾ അതവിടെ ഉണ്ടാകാം,[1] ഉണ്ടാകാതിരിക്കാം. അതുകൊണ്ട് അനേകർ തങ്ങളുടെ വിലപിടിപ്പുള്ളതു മണ്ണിനടിയിൽ ഇട്ടു വെക്കും (ഒരു താലന്തു ലഭിച്ച മനുഷ്യൻ ചെയ്തതു പോലെ മത്തായി 25:18).[2]

ചിലർ നിധി കുഴിച്ചിടാൻ മറ്റൊരു കാരണം കൂടെയുണ്ടായിരുന്നു. ഇവിടെ ഏതു സമയത്തും ഉപദ്രവം പൊട്ടിപ്പുറപ്പെട്ടേക്കാം. പാലസ്തീൻ സ്ഥിതി ചെയ്തിരുന്നതു മിസ്രയീമിനും മെസപ്പൊട്ടാമിയക്കും മദ്ധ്യേ ആണ്. അക്രമകാരികളായ സൈന്യം ഈ

പ്രദേശത്തു കൂടെയാണ് മുമ്പ് ഇടയ്ക്കിടക്ക് കടന്നു പൊയ്ക്കൊണ്ടിരുന്നത്. പാലസ്തീനേക്കാൾ കൂടുതൽ യുദ്ധത്തിനിരയായ സ്ഥലം മറ്റൊന്നുണ്ടായിരുന്നില്ല. ധാരാളം ധനികർ ഈ ആക്രമണത്തെ അതിജീവിക്കാനൊരുങ്ങിയതു അവരുടെ നിക്ഷേപങ്ങളെ മൂന്നായി വിഭജിച്ചു കൊണ്ടാണ്. മൂന്നിലൊന്നു മൂലധനമായി അവർ ഉപയോഗിച്ചു. മൂന്നിൽ മറ്റൊരു ഭാഗം ആഭരണങ്ങളും മറ്റു സാധനങ്ങളുമാക്കി യാത്രയിൽ കൊണ്ടു പോകുന്ന വിധത്തിൽ ആക്കി വയ്ക്കും. ഈ ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ട് ഓടുമ്പോൾ ഇവയെല്ലാം വാരിക്കെട്ടിയാണ് ഓടുന്നത്. അവസാനത്തെ മൂന്നിൽ ഒരു ഭാഗമാണ് അവർ മണ്ണിൽ കുഴിച്ചിടുന്നത്. യുദ്ധത്തിനു ശേഷം മടങ്ങി വരുമ്പോൾ അവർ തങ്ങളുടെ ധനത്തെ ഉപയോഗിക്കുന്നതു ഇങ്ങനെയാണ്. ചിലപ്പോൾ എങ്ങനെയായാലും മടങ്ങി വരാത്തവരുണ്ട്. അങ്ങനെയാണ് പാലസ്തീൻ മുഴുവൻ നിധി കുഴിച്ചിടാൻ ഇടയായത്.

കുഴിച്ചിട്ട നിധിയെ – കുറിച്ചാണ് യേശുവിന്റെ ഉപമ. കുഴിച്ചിടുന്ന നിധി നമ്മെ ആകർഷിക്കുന്ന ഒന്നാണ്. കുഴിച്ചിടുന്ന നിധിയെക്കുറിച്ചുള്ള ഇതിഹാസങ്ങൾ ലോകത്തിൽ എല്ലാഭാഗത്തും ഉണ്ട് – കപ്പൽച്ഛേദം സംഭവിക്കുമ്പോൾ കടൽക്കൊള്ള നടത്തുന്നവർ, സ്വർണ്ണഖനികൾ നഷ്ടമാകുന്നത് എന്നു തുടങ്ങി നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. അടുത്ത സമയത്ത് ടെക്സാസിലെ വാക്കോ എന്ന സ്ഥലത്തു, ജെസിജെയിംസ്[3] എന്നയാൾ ധാരാളം പണവും മറ്റു വിലപിടിപ്പുള്ളതും സുരക്ഷിത അലമാരയിലാക്കി കുഴിച്ചിട്ടതു കണ്ടെടുക്കുവാൻ ശ്രമം നടത്തി. ഒരു ടി. വി റിപ്പോർട്ടനുസരിച്ചു ബുൾഡോസർ ഡ്രൈവർക്കു എവിടെ കുഴിക്കണമെന്നു നിർദ്ദേശം നൽകി. അവസാനം ഞാൻ കേട്ടതു അവർ കുഴിക്കുന്നതിനു $140,000 ചെലവിട്ടു. എന്നിട്ടു കാണിക്കുവാൻ കഴിഞ്ഞതോ ഒരു വലിയ ദ്വാരം മാത്രം.[4]

കുഴിച്ചിട്ട നിധിയെക്കുറിച്ചു മാത്രമായിരുന്നില്ല, യേശുവിന്റെ ഉപമ, കുഴിച്ചിട്ട നിധി കണ്ടെടുക്കുന്നതും ഉൾപ്പെടുന്നതാണ്. "... ഒരു മനുഷ്യൻ അതു കണ്ടിട്ടു മറച്ചു വച്ചു തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി" (വാക്യം 44).

ഈ മനുഷ്യൻ ഒരു പാവപ്പെട്ടവനായിരുന്നു എന്നു നമുക്കു ഊഹിക്കാൻ കഴിയും. താൻ ജോലിചെയ്യുന്ന വയൽ അയാളുടേതായിരുന്നില്ല. അയാൾ ഒരു സാധാരണ തൊഴിലാളി ആയിരുന്നു. ഒരുപക്ഷെ ആ വയലിന്റെ ഉടമസ്ഥന്റെ ദാസനായി ജോലി ചെയ്തിരിക്കാം. കഥ ഏതാണ്ട് ഇതു പോലെ ആയിരിക്കാം. ആ മനുഷ്യൻ മന്ദമായി വയൽ കുഴിക്കുകയോ ഉഴുകുകയോ ആയിരുന്നേക്കാം. അവന്റെ മുഖത്ത് ആശയ്ക്ക് വകയൊന്നും ദൃശ്യമായിരുന്നില്ല. ഇന്നലെ പോലെ തന്നെ ഇന്നും. ഇന്നത്തെ പോലെ തന്നെ നാളെയും. അവന്റെ

ജീവിത ചക്രം കഠിന പ്രയത്നത്തോടും സ്വപ്നമില്ലാത്ത നിദ്രയോടും പിന്നെയും കഠിനാദ്ധ്വാനം, സ്വപ്നമില്ലാത്ത നിദ്ര.

ഈ ദിവസം എങ്ങനെയായാലും, അവന്റെ ഉപകരണം മണ്ണിൽ പതിച്ചപ്പോൾ "ക്ളക്ക്!" എന്ന ശബ്ദം കേട്ടു. "ഒരുപക്ഷേ പാറയാകാം" എന്നു അവൻ വിചാരിച്ചു. പാറയെല്ലാം വയലിൽ നിന്നു മാറ്റുവാൻ ഉടമസ്ഥൻ ആവശ്യപ്പെട്ടിരിക്കാം – ചെറിയ ദു: ഖത്തോടെ – കുനിഞ്ഞു കുഴിച്ചു കല്ലുകൾ പൊക്കി മാറ്റിക്കൊണ്ടിരിക്കയാണ്. ഈ വസ്തു നോക്കിയപ്പോൾ പാറയല്ലെന്നു അവനു തോന്നി. സമകോണാകൃതിയി ലുള്ളതായിരുന്നു അത്. അതിൽ നിന്നു മണ്ണു മാറ്റിക്കൊണ്ടിരുന്നപ്പോൾ അവന്റെ നെഞ്ചിടിക്കാൻ തുടങ്ങി. പെട്ടി തുറന്നപ്പോൾ അതു നിറച്ചും നാണ്യങ്ങളും ആഭരണങ്ങളും അവന്റെ സങ്കല്പത്തിനപ്പുറമായ നിധിയായിരുന്നു അതിൽ!

അവൻ ചുറ്റും നോക്കി. ആരും അടുത്തില്ല. അവൻ പെട്ടി അങ്ങനെ തന്നെ അടച്ചു, ആ കുഴി ഉടനെ മൂടി. അവൻ ആശ്ചര്യപ്പെട്ടു "എന്തു ചെയ്യും?" "എന്തു ചെയ്യണമെന്നു എനിക്കറിയാം" എന്നുറക്കെ പറഞ്ഞു കാണും!

ഉപകരണങ്ങൾ വയലിൽ വെച്ചിട്ട് അവൻ ധൃതി പിടിച്ചു വീട്ടിലേയ്ക്കു പോയി. വിൽക്കുവാനുള്ളതെല്ലാം വാരിയെടുത്തു. ഇതു ചെയ്തുകൊണ്ടിരുന്ന മുറിയിലേയ്ക്കു അവന്റെ ഭാര്യ കടന്നു വന്നു, അവളുടെ കഴുത്തിൽ വിലയുള്ള ഒരു നെക്ലസ് അവളുടെ അമ്മ കൊടുത്തതു അവൾ അണിഞ്ഞിരുന്നു. അവളുടെ കഴുത്തിലെ നെക്ലസ് അവൻ ഊരി എടുത്തു. അവന്റെ ഭാര്യ അതിൽ കയറി പിടിച്ചു കൊണ്ടു പറഞ്ഞു "നിങ്ങൾ എന്താണ് ഈ ചെയ്യുന്നത്? ഈ മനുഷ്യനു വട്ടു പിടിച്ചോ?"

അവൻ പല്ലിളിച്ചു പറഞ്ഞു, "ഞാൻ ഇതു വില്ക്കാൻ പോകുന്നു"

"ഇതു വില്ക്കാനോ? എനിക്കാഭരണമായി ഇതൊരെണ്ണമേയുള്ളൂ!"

അവൻ തല വാതിൽക്കൽ നീട്ടി പുറത്തു കടക്കുമ്പോൾ പറഞ്ഞു, "സ്ത്രീയേ, അധികം താമസിയാതെ ഞാൻ നിന്നെ ആഭരണങ്ങൾ കൊണ്ടു മൂടും!"

അവളുടെ കീറിപ്പറിഞ്ഞ വസ്ത്രം ചൂണ്ടി അവൾ പറഞ്ഞു"അവ 'തീർച്ചയായും' അതു ഇതുപോലെ ഇരിക്കും."

അവളുടെ രൂക്ഷ പരിഹാസം നിറഞ്ഞവാക്കുകൾ അവൻ ശ്രദ്ധിച്ചില്ല. റോഡിലേയ്ക്കിറങ്ങി അവൻ നടന്നു. അവന്റെ കയ്യിൽ ആഭരണമുണ്ട്. അവന്റെ ആടും കഴുതയുമെല്ലാമുണ്ട്. അവയുടെ പുറത്തു വില്പനയ്ക്കുള്ള സാധനവുമായാണ് പോകുന്നത്. പെട്ടെന്നു തനിക്കുണ്ടായിരുന്നതെല്ലാം അവൻ വിറ്റു. അവസാനം അവൻ ആ വയൽ വാങ്ങിയപ്പോൾ അവൻ സന്തോഷിച്ചു പറഞ്ഞു, "ഇപ്പോൾ ഇതു എന്റേതാണ്. ഇതു വാസ്തവത്തിൽ എന്റേതായി തീർന്നു!"

ഈ കഥയുടെ ധാർമ്മികതയിലോ നിയമപരവും നീതി പൂർവ്വവുമായ കാര്യങ്ങളിലോ ദയവു ചെയ്ത് താഴ്ന്നിറങ്ങരുത്. ആ മനുഷ്യൻ ചെയ്തതു ശരിയോ തെറ്റോ എന്നറിഞ്ഞുകൂടാ. റബ്ബിമാരുടെ നിയമമനുസരിച്ചു അവൻ കണ്ടെടുത്ത നിധിയുള്ള വയൽ അവനു അവകാശപ്പെട്ടതാണ്. മറ്റാരും വന്നു തർക്കിക്കാതിരിക്കേണ്ടതിനാണ് അവൻ വിലയ്ക്കു വാങ്ങി എന്നാണ് ചിലർ വിചാരിക്കുന്നത്. ഇതായിരുന്നോ അല്ലയോ എന്നു നമുക്കറിഞ്ഞു കൂടാ. ഉപമയുടെ സന്ദേശത്തിൽ ചെറിയ പ്രാധാന്യം ഉണ്ട്.[5] ഓരോ ഉപമയിലും യേശു ഓരോ നിയമം പഠിപ്പിക്കുന്നുണ്ട്. എല്ലാം നാം വിശദമായി നോക്കുന്നില്ല.[6] പ്രധാനപ്പെട്ട ചിന്ത യേശു നമ്മിൽ അറിയുവാൻ ആഗ്രഹിക്കുന്നതിനെ നമ്മുടെ മനസ്സിലേക്കു പകരുകയാണ്.

ഈ ഒരു വാക്യത്തിലുള്ള ഒരു ഉപമയെ ഒന്നുകൂടെ നോക്കാം. ഊന്നൽ മനുഷ്യനല്ല കൊടുത്തിരിക്കുന്നത്. മറിച്ചു നിധിക്കാണ്. "സ്വർഗ്ഗരാജ്യം ഒരു *നിധി* – പോലെയാണ്." നമുക്കു സങ്കല്പ്പിക്കാൻ കഴിയുന്നതിനേക്കാൾ മനോഹരവും വിലയുള്ളതും, ഏറ്റവും വിലയേറിയതുമാണ് സ്വർഗ്ഗരാജ്യമെന്ന നിധി!

### ഏറ്റവും വലിയ മുത്തിന്റെ ഉപമ

45-ാം വാക്യം ആരംഭിക്കുന്നത് "പിന്നെയും" എന്നു പറഞ്ഞാണ്. രാജ്യം എന്ന ആശയം വിശാലവും വ്യാപ്തിയുള്ളതുമാണ് ഒരുപമയിൽ ഒതുങ്ങുകയില്ല. അതുകൊണ്ട് അവൻ മറ്റൊന്നു നല്കി. "സ്വർഗ്ഗ രാജ്യം നല്ല മുത്തു അന്വേഷിക്കുന്ന വ്യാപാരിയോടു സദൃശം" (വാക്യം 45). കഴിഞ്ഞ ഉപമയിൽ ഊന്നൽ നിധിക്കായിരുന്നു. ഈ ഉപമയിൽ ഊന്നൽ കൊടുത്തിരിക്കുന്നത് മനുഷ്യനാണ്.

ആ മനുഷ്യൻ "നല്ല മുത്തു അന്വേഷിക്കുകയാണ്" (വാക്യം 45). കഴിഞ്ഞ ഉപമയിൽ ഇടർച്ചയായ നിധിക്കു വേണ്ടിയാണ് ആ മനുഷ്യൻ പ്രയത്നിച്ചത്. നിധിക്കു വേണ്ടി നോക്കിയതല്ല. യാദൃശ്ചികമായി കണ്ടതാണ്. ഈ ഉപമയിൽ ആ മനുഷ്യൻ മുത്ത് അന്വേഷിക്കുകയാണ്. ചില ആളുകൾക്ക് സത്യം ഇടർച്ചയായിത്തീരുന്നുണ്ട്. തിരിച്ചറിഞ്ഞാൽ സന്തോഷത്തോടെ സ്വീകരിക്കും – അതിനു വേണ്ടി അന്വേഷിക്കുന്നവരുമുണ്ട്.

യോഹന്നാന്റെ സുവിശേഷം 3ഉം 4ഉം അദ്ധ്യായങ്ങളിൽ ഈ വൈപരീത്യം ചിത്രീകരിക്കുന്നുണ്ട്. 3-ാം അദ്ധ്യായത്തിൽ നിക്കൊദേമോസ് യേശുവിന്റെ അടുക്കൽ വന്നു ഉത്തരം അന്വേഷിക്കുകയും മശിഹയെ കണ്ടെത്തുകയും ചെയ്തു. 4-ാം അദ്ധ്യായത്തിൽ ശമര്യക്കാരി സ്ത്രീ വെള്ളം അന്വേഷിക്കുകയും ക്രിസ്തുവിനെകുറിച്ചുള്ള സത്യത്തിൽ ഇടറുകയും ചെയ്തു. പ്രവൃത്തി 8ലും 9ലും മറ്റൊരു ചിത്രീകരണം നൽകുന്നുണ്ട്. 8-ാം അദ്ധ്യായത്തിൽ

ഐത്യോപ്യക്കാരനായ ഒരു ഷണ്ഡൻ യാത്ര ചെയ്യുമ്പോൾ ബൈബിൾ[7] വായിച്ചു കൊണ്ടിരുന്നു. ഉത്തരം അന്വേഷിച്ചു 9-ാം അദ്ധ്യായത്തിൽ ശൗൽ യാത്ര ചെയ്യുകയായിരുന്നു; ഭൂമിയിലെ ക്രിസ്ത്യാനികളെ നശിപ്പിക്കാൻ അന്വേഷിക്കുകയായിരുന്നു. അവരുടെ യാത്രയുടെ അവസാനം രണ്ടു പേരും യേശുവിനെകുറിച്ചുള്ള സത്യം പഠിച്ചു.

എന്തിനാണ് നിങ്ങൾ ആരാധനയിൽ പങ്കെടുക്കുന്നത്? നിങ്ങൾ ഒരു സത്യാന്വേഷിയാണോ? ജീവിതത്തിന്റെ ഉദ്ദേശ്യം നിങ്ങൾ കണ്ടെത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ? ദൈവവുമായി നിത്യത ചെലവഴിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അതോ ചില കാരണങ്ങൾ കൊണ്ട് നിങ്ങൾ അതിനെ മഹത്വമില്ലാത്തതായി കാണുന്നുണ്ടോ? നിങ്ങളുടെ താല്പര്യമല്ല. കൂടുതൽ പ്രാധാന്യമർ ഹിക്കുന്നത്. നിധി കണ്ടെടുക്കുമ്പോൾ അതിന്റെ വില തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? എന്നതാണ് – ഒരിക്കൽ തിരിച്ചറിഞ്ഞാൽ ആ നിധി കൈവശമാക്കുവാൻ ജ്വലിക്കുന്ന ആഗ്രഹം നിങ്ങൾ പ്രകടിപ്പിക്കുന്നുണ്ടോ – ഇല്ലയോ എന്നതാണ് പ്രശ്നം.

നമ്മുടെ കഥ നമുക്കു തുടരാം. "നല്ല മുത്തു" അന്വേഷിക്കയാണ് ആ മനുഷ്യൻ. മുത്തു വിലപിടിപ്പുള്ള ആഭരണമാണിന്ന്. ബൈബിൾ കാലയളവിൽ അതിനു ഇന്നത്തേക്കാൾ വിലയുണ്ടായിരുന്നു. ആളുകൾ അവ നോക്കി ഇഷ്ടപ്പെടുക മാത്രമല്ല, അവ ശ്രദ്ധയോടെ കൈകാര്യം ചെയ്യുവാനും താല്പര്യപ്പെട്ടിരുന്നു. അതിന്റെ ആഴത്തിലുള്ള പാൽവർണ്ണവും മൃദുലതയും തണുപ്പും സ്പർശിച്ചു നോക്കുവാൻ ആളുകൾ ഇഷ്ടപ്പെട്ടിരുന്നു. നിഗൂഢാർത്ഥമുണ്ടെന്നു തോന്നുന്നവ യുള്ള മുത്തു അനേകരെ ആകർഷിച്ചിട്ടുണ്ട്. നല്ല മുത്തു വ്യാപാരിയെ മുഖ്യ മനുഷ്യനായി കണക്കാക്കിയിരുന്നു. താരതമ്യം ചെയ്യാൻ പറ്റാത്ത മനുഷ്യൻ എന്നാണ് ആളുകൾ അയാളെ കരുതിയിരുന്നത്.

ആഭരണങ്ങളിൽ പ്രത്യേകതയുള്ളതാണ് മുത്തുകൾ. രത്നക്കല്ലുകളിൽ അധികവും ഭൂമിയിൽ രൂപപ്പെട്ടത്, ആയിരക്ക ണക്കിനു വർഷങ്ങൾ മർദ്ദവും ചൂടും ഏറ്റതുകൊണ്ടാണ്. പക്ഷേ മുത്തുകൾ രൂപപ്പെടുന്നതു ഈ ലൈനുകളിൽ വായിക്കുന്നതു പോലെയാണ്. മുത്തുച്ചിപ്പിയുടെ ഉള്ളിൽ ഒരു മണൽ തരി പ്രവേശി ക്കുന്നു. ഈ മണൽ തരികൾ മുത്തുച്ചിപ്പിയെ അലോസരപ്പെടു ത്തുന്നു. അതുകൊണ്ടു കട്ടിയുള്ള പാൽ പോലെയുള്ള ഒരു ദ്രാവകം പുറപ്പെടുവിക്കുന്നു. അതു കനംകുറഞ്ഞ ഫിലിം പോലെ ഈ മണൽ തരിയെ മൂടുന്നു. ഫിലിം കട്ടിയാകുന്നതോടെ മുത്തുച്ചിപ്പിയുടെ അസ്വസ്ഥത മാറിക്കിട്ടുന്നു. പിന്നെ അതു വീണ്ടും ഈ പുറത്തു വിടുന്ന ദ്രവകം അതിനു ചുറ്റും കട്ടിയായി തീരുന്നു. അവസാനം ഒരു മുത്താകുന്നതുവരെ ഈ നടപടി തുടർന്നു കൊണ്ടിരിക്കും. കഷ്ടതയിലൂടെ രൂപപ്പെടുന്ന ഏക ആഭരണം മുത്താണെന്നു

പറയപ്പെടുന്നു. ആ കാലത്ത് മുത്തു വരുന്നത് ഭൂമിയിലെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമായിരുന്നു. മദ്ധ്യധരണ്യാഴിയുടെ ചില തിരഞ്ഞെടുത്ത പ്രദേശങ്ങൾ, ചെങ്കടലിൽ നിന്നും പേർഷ്യൻ ഉൾക്കടലിൽനിന്നും, ബ്രിട്ടനിൽ നിന്നും ആയിരുന്നു.

ഏതെങ്കിലും മുത്തായിരുന്നില്ല ഈ മനുഷ്യന്റെ അന്വേഷണം. “നല്ല മുത്തായിരുന്നു” അവന്റെ അന്വേഷണം. ഏറ്റവും നല്ലതു കണ്ടെത്താനായിരുന്നു അവന്റെ ശ്രമം. ഏതാണ്ട് യാദൃശ്ചികമായി മുത്തുകൾ രൂപപ്പെടുന്നതുകൊണ്ടു വളരെ വ്യത്യാസം സംഭവിക്കും. ചിലപ്പോൾ മുത്തു തികച്ചും വൃത്താകൃതിയിലായിരിക്കില്ല. ചിലപ്പോൾ മുത്തു വളരെ ചെറുതായിരിക്കും. ചിലപ്പോൾ നിറം ഒരേ രീതിയിലായിരിക്കില്ല. വ്യാപാരിയുടെ മനസ്സിന്റെ പിന്നിൽ എങ്ങനെയായാലും ഒരിക്കലും തന്റെ പ്രതീക്ഷയിൽ കണ്ടെത്താത്ത ഏതോ ഒരു രൂപമായിരിക്കും – ഉണ്ടാകുക. മറ്റെല്ലാ മുത്തുകളുമായി അവൻ താരതമ്യം ചെയ്യുകയുമാണ്. അതു തികഞ്ഞ മുത്തിന്റെ രൂപമാണ്. ആയിരക്കണക്കിന് മുത്തുകൾ കൈകാര്യം ചെയ്തതു കൊണ്ടു മുത്തു കയ്യിലെടുക്കുമ്പോൾ അതിന്റെ വില തിരിച്ചറിയുന്നതിന് കഴിവു നേടിയിട്ടുണ്ട്.

ഒരു ദിവസം വിസ്മയാവഹമായ ഒരു സംഭവം നടന്നു – ആയിരം ജീവിതകാലയളവിൽ ഒരിക്കൽ മാത്രം സംഭവിച്ചേക്കാവുന്ന കാര്യം. തനിക്കു യോജിച്ച ഒത്ത മുത്തു അവൻ കണ്ടെത്തി. “വലിയ വിലയുള്ള മുത്തു അവൻ കണ്ടപ്പോൾ അതിനു[8] വില കൊടുക്കുവാൻ മടിച്ചില്ല.” “വലിയ വിലയുള്ള മുത്തുകണ്ടപ്പോൾ തനിക്കുള്ളതൊക്കെയും വിറ്റു അവൻ അതു വാങ്ങി” (വാക്യം 46).

കഴിഞ്ഞതിലേപോലെ ഈ ഉപമയിൽ വിശദീകരണത്തിനു ഊന്നൽ കൊടുത്തിട്ടില്ല. ആദ്യത്തെ ഉപമയിൽ ആ മനുഷ്യൻ കുറച്ചു കൊടുത്തപ്പോൾ കൂടുതൽ കിട്ടി. ഈ ഉപമയിൽ ആ മനുഷ്യൻ മുഴുവൻ വിലയും കൊടുത്തു. എങ്ങനെയായാലും പണം കൊടുത്തതു കുറവായാലും കൂടുതലായാലും ഈ രണ്ടു ഉപമയിലും പ്രധാനകാര്യം അതല്ല. രക്ഷ മനുഷ്യനാൽ വാങ്ങാവുന്നതല്ല. അതു യേശു രക്തത്താൽ വാങ്ങേണ്ടതായിരുന്നു. നിങ്ങൾക്കും എനിക്കും അതു വാങ്ങാനോ നേടിയെടുക്കാനോ സാദ്ധ്യമല്ല. ആത്മീയാനുഗ്രഹങ്ങൾക്കു നമ്മിൽ യോഗ്യതയുമില്ല. അപ്പോൾ പിന്നെ വലിയ വിലയുള്ള മുത്തിന്റെ ഉപമയിലൂടെ യേശു നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നതെന്താണ്? ഒരു മനുഷ്യൻ ഒരു മനോഹര നിധി കണ്ടെത്തി തനിക്കുള്ളതു ഒക്കെയും വിറ്റു അവൻ കൈവശമാക്കി!

ഈ രണ്ടുപമകളും ഒന്നു ചുരുക്കുവാൻ നോക്കിയാൽ നാം ഇതു പോലെ ചെയ്തേക്കാം. സ്വർഗ്ഗരാജ്യം ഏറ്റവും വിലയുള്ളതാണ്; ലോകത്തിലെ സാധനങ്ങളിൽ വച്ച് ഏറ്റവും ആഗ്രഹിക്കത്തക്കത്.

## രാജ്യത്തിന്റെ ഐക്യരൂപം

"സ്വർഗ്ഗരാജ്യത്തെ" അത്രമാത്രം വിലയുള്ളതാക്കി തീർക്കുന്നതു എന്താണ്?

ആ പ്രയോഗം "സ്വർഗ്ഗരാജ്യം" എന്നായതു കൊണ്ടു നമ്മുടെ ആദ്യചിന്ത അവിടെ പറയുന്ന സ്വർഗ്ഗമായിരിക്കാം. ചില പ്പോൾ "രാജ്യം" എന്ന പ്രയോഗം സ്വർഗ്ഗത്തെ സൂചിപ്പിച്ച് ഉപയോഗിക്കുന്നുണ്ട്. ഈ വേദഭാഗത്ത് അങ്ങനെ അല്ലതാനും. മർക്കൊസും ലൂക്കൊസും അടിസ്ഥാനപരമായി ഒരേതരത്തിലുള്ള ഉപമകൾ രേഖപ്പെടുത്തുമ്പോൾ അവർ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം "*സ്വർഗ്ഗരാജ്യം*" എന്നാണ് (മർക്കൊസ് 4:11, 26, 30; ലൂക്കൊസ് 8:10). ചോദ്യം വീണ്ടും പുനപ്രയോഗം നടത്തട്ടെ: അത്ര വിലയുള്ളതായി എന്താണ് "*ദൈവ*രാജ്യം"?

തിരുവെഴുത്തിലുടനീളം കാണുന്ന പദപ്രയോഗമാണ് "ദൈവരാജ്യം." തന്റെ രാജ്യത്തിലെ ആളുകളെ വാഴുക എന്നതാണ് അടിസ്ഥാനപരമായി ഈ വാക്കുകൾ സൂചിപ്പിക്കുന്നത്. ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്നനിലയിൽ, പ്രപഞ്ചം അഥവാ ലോകത്തെ മുഴുവൻ സൂചിപ്പിക്കുന്നതിനും ബൈബിളിൽ ചില അവസരങ്ങളിൽ ഇതുപയോഗിച്ചിട്ടുണ്ട്. എങ്കിലും സാധാരണ ഈ പദം ഉപയോഗിക്കുന്നതു, തന്റെ ജനത്തിന്റെ – ഹൃദയങ്ങളിലും ജീവിതങ്ങളിലും ദൈവത്തിന്റെ *പ്രത്യേക*വാഴ്ചയെ കുറിക്കുകയാണ്. തന്റെ അധികാരത്തിനു തങ്ങളെത്തന്നെ സമർപ്പിച്ചു കൊടുത്തവരെയാണ് അവൻ ഭരിക്കുന്നത്. പഴയനിയമത്തിൽ ഇതു ഇസ്രായേലിന്റെ രാജ്യമായിരുന്നു. സിനായ് പർവ്വതത്തിൽ വച്ചു യിസ്രായേൽ ദൈവവുമായി ഒരു ഉടമ്പടി ചെയ്തു.

പഴയ നിയമം പഠിച്ചാൽ, യിസ്രയേല്യർ സ്ഥാപിക്കുവാനിരിക്കുന്ന ഒരു പ്രത്യേക രാജ്യത്തിനു *വേണ്ടി* കാത്തിരിക്കുന്നവരായിരുന്നു എന്നു കാണാം (ദാനിയേൽ 2:44). "മശിഹ" എന്ന രാജാവായിരിക്കും അതിനെ വാഴുക എന്നും അറിയാൻ കഴിയും (ദാനിയേൽ 9:25, 26). "മശിഹ" എന്ന വാക്കിനർത്ഥം "അഭിഷിക്തൻ" എന്നാണ്. "കർത്താവിന്റെ അഭിഷിക്തൻ" എന്നാണ് യിസ്രായേലിന്റെ രാജാക്കന്മാരെ അറിയപ്പെട്ടിരുന്നത് (1 ശമുവേൽ 24:10; 26:9). പഴയ നിയമത്തിൽ ചലിച്ചുകൊണ്ടിരുന്ന വിഷയമായിരുന്നു മശിഹ എന്ന രാജ്യം സ്ഥാപിക്കും എന്നത്.

നോക്കിക്കൊണ്ടിരുന്ന മശിഹ യേശുവായിരുന്നു. "മശിഹ" എന്ന വാക്കിന്റെ ഗ്രീക്കു രൂപം "ക്രിസ്തു" എന്നാണ്. യേശു എന്ന ക്രിസ്തു വന്നപ്പോൾ, "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നതായിരുന്നു നൽകിയ ദൂത് (മത്തായി 4:17). മറ്റൊരു രീതിയിൽ പറഞ്ഞാൽ "രാജ്യത്തെകുറിച്ചുള്ള പഴയനിയമ

വാഗ്ദാനങ്ങളും പ്രവചനങ്ങളും നിറവേറ്റാനുള്ള സമയമായി." യേശു തന്റെ രാജ്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ തറപ്പിച്ചു പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല" വന്നു (യോഹന്നാൻ 18:36). അവന്റെ വാഴ്ച ആത്മീയമാണ്.

തന്റെ മരണത്തിനു മുൻപ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ദൈവരാജ്യം '*ശക്തിയോടു കൂടി*' വരുന്നതു നിങ്ങൾ കാണും" എന്ന് (മാർക്കൊസ് 9:1; എംഫസിസ് മൈൻ). തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കു ശേഷം യേശു അപ്പൊസ്തലന്മാരോടു: "ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം" നഗരത്തിൽ (യെരുശലേമിൽ) തന്നെ പാർപ്പിൻ എന്നു പറഞ്ഞു (ലൂക്കോസ് 24:49; എംഫസിസ് മൈൻ). തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുൻപു യേശു അവരോടു പറഞ്ഞു, "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും" എന്ന് (പ്രവൃത്തി 1:8; എംഫസിസ് മൈൻ). കുറച്ചു ദിവസങ്ങൾക്കുശേഷം യെഹൂദ പെരുനാളായ പെന്തെകൊസ്തു നാളിൽ അവരുടെമേൽ പരിശുദ്ധാത്മാവു വന്നു (പ്രവൃത്തി 2:1-4). പരിശുദ്ധാത്മാവു വന്നപ്പോൾ ശക്തി വന്നു. ശക്തി വന്നപ്പോൾ രാജ്യം വന്നു. നൂറ്റാണ്ടുകളായി കാത്തിരുന്ന ആ രാജ്യം യേശുവിന്റെ മരണം അടക്കം, ഉയിർപ്പ് സ്വർഗ്ഗാരോഹണം എന്നിവയ്ക്കു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ സ്ഥാപിതമായി. അതിനുശേഷം ദൈവരാജ്യത്തെ കുറിച്ചു പറയുമ്പോഴെല്ലാം അതു നിലനിൽക്കുന്നതായിട്ടാണ് സംസാരിച്ചിരിക്കുന്നത് (കൊലൊസ്യർ 1:13).

പ്രവൃത്തി 2ൽപെന്തെകൊസ്തിനു ശേഷം ഈ സ്ഥാപനത്തിനുള്ള മറ്റൊരു പേർ ''സഭ'' എന്നതു സാധാരണയായി തീർന്നു. നാം പലപ്പോഴും "നിന്റെ രാജ്യത്തെ ഞാൻ സ്നേഹിക്കുന്നു" എന്ന പാട്ട് പാടാറുണ്ട്. ആ പാട്ടിന്റെ ആദ്യ വരികൾ ആരംഭിക്കുന്നതു ഇങ്ങനെയാണ്.

> കർത്താവേ, ഞാൻ നിന്റെ രാജ്യത്തെ സ്നേഹിക്കുന്നു
> നിന്റെ വാസസ്ഥലമായ ആലയം;
> നമ്മുടെ വീണ്ടെടുപ്പുകാരൻ രക്ഷിച്ച *നമ്മുടെ സഭ*
> തന്റെ സ്വന്തരക്തം കൊടുത്തു സമ്പാദിച്ചത്. *ആ സഭയെ,*
> ദൈവമേ ഞാൻ സ്നേഹിക്കുന്നു! (എംഫസിസ് മൈൻ.)[9]

ഇന്നു ദൈവത്തിന്റെ *പ്രത്യേക* രാജ്യമായിട്ടാണ് സഭയെ പുതിയ നിയമത്തിലുടനീളം സൂചിപ്പിച്ചിരിക്കുന്നത്. ദൈവം ഇന്നു ഭരിക്കുന്ന പ്രത്യേക മേഖലയാണ് സഭ. ഈ ആളുകൾ ദൈവത്തിന്റെ അധികാരത്തിനു കീഴ്പ്പെട്ടവരാണ്.

"സഭ," "രാജ്യം" എന്നീ പദങ്ങൾ പുതിയ നിയമത്തിൽ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിനു യോഹന്നാൻ 3:3, 5-യേശു

പറഞ്ഞു, ഒരാൾ വെള്ളത്താലും ആത്മാവിനാലും ജനിച്ചാണ് ദൈവ*രാജ്യത്തിൽ* പ്രവേശിക്കുന്നത്. എങ്കിലും അപ്പൊസ്തല പ്രവൃത്തിയിലും ലേഖനങ്ങളിലും പരിശുദ്ധാത്മ നിയോഗം പ്രാപിച്ചവരുടെ ദൈവശ്വാസീയ നിർദ്ദേശം അനുസരിച്ച് വെള്ളത്തിൽ സ്നാനമേറ്റു രക്ഷിക്കപ്പെടുന്നവരെ കർത്താവു *സഭയോടു* ചേർക്കുന്നു എന്നാണ് (പ്രവൃത്തി 2:38, 41, 47; 1 കൊരിന്ത്യർ 12:13). താൻ "സഭയെ" പണിയുമെന്നു മത്തായി 16-ാം അദ്ധ്യായത്തിൽ യേശു പറഞ്ഞു. (വാക്യം 18). പിന്നീടു അതിനെ കുറിച്ചു പറഞ്ഞതു "രാജ്യം" എന്നാണ് (വാക്യം 19). പിന്നെ യേശു കർത്തൃമേശ സ്ഥാപിച്ചപ്പോൾ "ദൈവ*രാജ്യത്തിൽ*" ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നതുവരെ ഇനി കഴിക്കയില്ല എന്നു പറഞ്ഞു. (ലൂക്കോസ് 22:16, 18; എംഫസിസ്മൈൻ) അപ്പൊസ്തല പ്രവൃത്തികളിലും ലേഖനങ്ങളിലും *സഭ* കൂടിവന്നതു അപ്പം നുറുക്കുവാനും (കർതൃ മേശ) കൂട്ടായ്മ ആചരിക്കുവാനുമാണ് എന്നു കാണാം (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 11:17-34).

അതുകൊണ്ടു നമ്മുടെ കഥയെ നമുക്കു മത്തായി 13ലെ രണ്ടു ഉപമകളിലേയും പുനപദപ്രയോഗം നടത്തി ഇങ്ങനെ വായിക്കാം. "ഈ ലോകത്തുള്ള സർവ്വവസ്തുക്കളിലും വച്ച് ഏറ്റവും ആഗ്ര ഹിക്കത്തക്കതും ഏറ്റവും അമൂല്യവും വിലയേറിയതുമാണ് *സഭ!*"

പെട്ടെന്ന് ഒരെതിർപ്പു കേൾക്കാം. ''ഒരു നിമിഷം! ഒന്നു നിൽക്കണേ, നിങ്ങൾ പ്രസംഗിക്കുന്ന സഭയിലെ ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അവർ അത്ര വിലയുള്ളതായി എനിക്കു തോന്നിയിട്ടില്ല!" അവർ അങ്ങനെ കാണപ്പെടുന്നുണ്ടോ ഇല്ലയോ എന്ന വിലയിരുത്തൽ അല്ല ഞാൻ നടത്തുന്നത്. പക്ഷേ ദൈവത്തിന്റെ വിലയിരുത്തലിനുസരിച്ചു ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊടുത്താണ് അവരെ സമ്പാദിച്ചത് (പ്രവൃത്തി 20:28).

എന്റെ പ്രസ്താവനയെ ഞാൻ വികസിപ്പിച്ചാൽ ഒരുപക്ഷെ സഹായകരമായേക്കും. ''സഭ'' എന്ന വാക്ക് ഞാൻ ഉപയോഗി ക്കുമ്പോൾ, സൂചിപ്പിക്കുന്നതു മനുഷ്യനിർമ്മിത സ്ഥാപനങ്ങളെയല്ല; പിന്നെയോ പുതിയനിയമത്തിൽ വായിക്കുന്ന സഭയെ ആണ്. ഈ സഭയെ ബൈബിളിലെ മറ്റു ആശയങ്ങളിൽ നിന്നുമാറ്റി നിർത്താവുന്നതല്ല.

ഉദാഹരണമായി, *സഭയെ യേശുവിൽ നിന്നു മാറ്റി നിർത്താ വുന്നതല്ല.* യേശു സഭയുടെ തലയാണ്. സഭ യേശുവിന്റെ ശരീരമാണ് (എഫെസ്യർ 1:22, 23). സഭ എന്നതു ക്രിസ്തുവിൽ ''സർവ്വ സമ്പൂർണ്ണതയുമാണ്" (എഫെസ്യർ 1:23). സഭയും യേശുവും വളരെ അടുത്തിരിക്കുന്നു. ശൗൽ സഭയെ ഉപദ്രവിച്ചപ്പോൾ (പ്രവൃത്തി 8:3) യേശു ചോദിച്ചതു: ശൗലേ, ശൗലേ, "നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്നാണ് (9:4; എംഫസിസ് മൈൻ). അതുകൊണ്ടു നാം

സഭയെകുറിച്ചു പറയുമ്പോൾ യേശുവിനെക്കൂടി ഉൾപ്പെടുത്തുന്നു. യേശു - ഏറ്റവും വിലയുള്ളവനാണ് എന്നകാര്യം എല്ലാവരും സമ്മതിക്കും, അമൂല്യവും ലോകത്തിൽവച്ച് ഏറ്റവും ആഗ്രഹിക്കത്തക്ക വ്യക്തിയുമാണ് കർത്താവ്![10]

*സഭയെ രക്ഷയിൽ നിന്നു വേർപെടുത്താനാവില്ല.* യേശു ക്രൂശിൽ "തന്നെത്താൻ ഏല്പിച്ചു" കൊടുത്തതു സഭയ്ക്കു വേണ്ടിയായിരുന്നു (എഫെസ്യർ 5:25). അവൻ സഭയെ സംരക്ഷിച്ചതു ''സ്വന്തം രക്തത്താലത്രെ" (പ്രവൃത്തി 20:28). അവൻ "സഭയുടെ രക്ഷിതാവാണ്" (എഫെസ്യർ 1:22, 23; 5:23). ആളുകൾ അവനെ അനുസരിച്ചു രക്ഷ പ്രാപിക്കുമ്പോൾ ദൈവം അവരെ അവന്റെ സഭയോടു ചേർക്കുന്നു പ്രവൃത്തി 2:38, 41, 47).[11] യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ശരീരമാണ് സഭ. എല്ലാവരും തീർച്ചയായും സമ്മതിക്കും, കഴിഞ്ഞ കാല പാപങ്ങളിൽ നിന്നുള്ള രക്ഷയും സ്വർഗ്ഗീയ പ്രത്യാശയും ലോകത്തിൽ മറ്റെന്തിനേക്കാളും അമൂല്യവും വിലയേറിയതും ആഗ്രഹിക്കത്തക്കതുമാണെന്ന്!

അതിലധികമായി, *സഭയെ ദൈവത്തിൽ നിന്നു, അവന്റെ സിംഹാസനത്തിൽ നിന്നു*, യേശു ഉപമകളിൽ ഉപയോഗിച്ച പദങ്ങളായ "സ്വർഗ്ഗരാജ്യം" "ദൈവരാജ്യം" എന്നതു *വേർപെടുത്താവുന്നതല്ല.* മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം "ഒളിച്ചുവച്ച നിധി" യെക്കുറിച്ചു പറയുമ്പോൾ, "വലിയ വിലയുള്ള മുത്തി"നെക്കുറിച്ചു പറയുമ്പോൾ, നാം സംസാരിക്കുന്നത്, *ആത്മീയ*നിധി; സത്യം, യേശു, രക്ഷ, ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട വരുമായുള്ള കൂട്ടായ്മ ("സഭ" എന്നു വിളിച്ചിരിക്കുന്നു), ദൈവത്തോടുള്ള കൂട്ടായ്മ, സ്വർഗ്ഗീയ പ്രത്യാശ എന്നിവയെ ആണ്. ഇവ ഒന്നും തന്നെ പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന സഭ അല്ലെങ്കിൽ രാജ്യത്തിൽ നിന്നു വേർപെടുത്താവുന്നതല്ല. ഈ ആത്മീ യ യാഥാർത്ഥ്യങ്ങൾ ലോകത്തിൽ വച്ചു അമൂല്യവും വിലയേറിയതും ആഗ്രഹിക്കത്തക്കതും ആയിരുന്നു, ആകുന്നു!

ലോകം സമ്മതിക്കയില്ല. ലോകത്തുള്ളവരോടു നിങ്ങൾ ഏറ്റവും വിലയുള്ളതായി നിങ്ങൾ കണക്കാക്കുന്നതുഎന്ത് എന്നു ചോദിച്ചാൽ അവരുടെ മറുപടി: ''പ്രസിദ്ധി'' എന്നു പറഞ്ഞേക്കാം. ഈ "പ്രസിദ്ധിയിൽ" സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നു. അല്ലെങ്കിൽ ആളുകൾ പറയും ''എന്റെ ജീവിതത്തിലെ സുപ്രധാന ദിവസം ഇതാണ്, ഞാൻ ജീവിച്ച ദിവസങ്ങളിലെ മുഖ്യം!" മറ്റുള്ളവർ പറയും ധനവും ശക്തിയുമാണ് പരമപ്രധാന കാര്യങ്ങൾ എന്ന്.

ലോകത്തിന്റെ വില നിർണ്ണയത്തിൽ പെടാതിരിക്കാൻ വളരെ പ്രയാസമാണ്. ഒരു മുറി സങ്കല്പിക്കുക. ആ മുറിയുടെ ഒരു ഭാഗത്ത് പല വാതിലുകൾ ഉണ്ട്.[12] ഒരു വാതിൽക്കൽ ''പ്രസിദ്ധി'' എന്നു

എഴുതിവച്ചിരിക്കുന്നു. മറ്റൊന്ന് ''ശക്തി'' എന്നെഴുതിയതാണ്. വേറൊന്നിൽ "ധനം" എന്നും ഇനിയുമൊന്നിൽ "പ്രചാരം" എന്നും എഴുതിയിട്ടുണ്ട്. ഈ വാതിൽക്കൽ ആളുകൾ ലൈനായി നീണ്ടു നിൽക്കുന്നു. എല്ലാവരും ലൈനിന്റെ തലയ്ക്കൽ എത്തുവാൻ ഉന്തി തള്ളിക്കൊണ്ടിരിക്കയാണ്. എന്നാൽ എതിർവശത്തുള്ള ചുമരിൽ ചുളുങ്ങി മറിഞ്ഞു കിടക്കുന്ന, മൂലയിൽ കാഴ്ചയ്ക്കപ്പുറമായി ചെറിയ വാതില്ക്കൽ എഴുതിയിട്ടുണ്ട് ''സ്വർഗ്ഗരാജ്യം.'' ഇതിനു മുന്നിൽ വിരലിലെണ്ണാവുന്ന ആളുകളേ ഉള്ളൂ.[13] നിങ്ങൾ ആ ചെറിയ കൂട്ടത്തിലാണെങ്കിൽ മറ്റു വാതിൽക്കൂട്ടത്തിലേയ്ക്കും ജനക്കൂട്ടത്തിലേയ്ക്കും നോക്കാതിരിക്കാൻ പ്രയാസമായിരിക്കും. അവർക്കു അതിശയിക്കാതിരിക്കാൻ കഴിയുമോ. നിങ്ങൾ വിലപ്പെട്ടതു നഷ്ടമാക്കുന്നു എന്നായിരിക്കും അവരുടെ കണക്കുകൂട്ടൽ.

ഈ രണ്ടുപമകളിലും യേശുവിന്റെ സന്ദേശം എന്തെന്നു പഠിക്കുക. നന്നായി പഠിക്കുക. ലൗകിക വിജയത്തിനു എത്ര വാതിലുകൾ ഉണ്ടെങ്കിലും ദൈവരാജ്യം! എന്നതു വാസ്തവത്തിൽ വിലയേറിയതു തന്നെ. ഈ ഉപമകളിൽ രണ്ടു മനുഷ്യർ അതു കണ്ടപ്പോൾ അതിന്റെ യഥാർത്ഥ വില തിരിച്ചറിഞ്ഞു. അതു കൊണ്ടു അതു കൈവശമാക്കുവാൻ വേണ്ട വില കൊടുക്കുവാൻ അവർ തയ്യാറായി.

**രാജ്യത്തിന്റെ വില**

നാം നമ്മോടു ചോദിക്കേണ്ട ഒരു ചോദ്യം ''സ്വർഗ്ഗരാജ്യം വിലയേറിയതും, അത്ഭുതകരവും വിലമതിക്കാനാവാത്തതും മനോഹരവുമാണെന്നു ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ടോ?"

ഇതിനു എങ്ങനെ ഉത്തരം നൽകാമെന്നു നമ്മുടെ വേദഭാഗം പറയുന്നു. മത്തായി 13:44-46 വരെയുള്ള യേശുവിന്റെ വാക്കുകൾ നോക്കി അനവധി വാക്കുകൾ നിങ്ങളുടെ മനസ്സിൽ അടിവരയിടുക:

> "സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ച നിധിയോടു സാദൃശ്യം, അതൊരു മനുഷ്യൻ കണ്ടു മറച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി.
>
> പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന വ്യാപാരിയോടു സദൃശം; അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാളേ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി" (എംഫസിസ് മൈൻ).

ആത്മീയ യാഥാർത്ഥ്യങ്ങൾക്കു നാം വില കണക്കാക്കുന്നതു അതു കൈവശമാക്കാൻ നാം എന്തു പരിത്യജിക്കാൻ തയ്യാറാകുന്നു എന്നതുനോക്കിയാണ്. യേശു ശിഷ്യന്മാരോടു പറഞ്ഞതു: "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ *തന്നെത്താൻ ത്യജിച്ചു,*

ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ” (മത്തായി 16:24; എംഫസിസ് മൈൻ).

ചില സാഹചര്യങ്ങളിൽ, ഉപമകളിലെ മനുഷ്യൻ ചെയ്തതുപോലെ അക്ഷരികമായി നമുക്കുള്ളതെല്ലാം വിറ്റുകൊണ്ടു ദൈവ വഴിയിൽ സഞ്ചരിക്കേണ്ടി വന്നേക്കാം (മത്തായി 19:21).[14] നമ്മുടെ ജീവിതത്തിൽ പ്രാധാന്യമുള്ളവയ്ക്കാണല്ലോ നാം ഊന്നൽ കൊടുക്കുന്നത്. യേശു ക്രിസ്തു നമ്മോടെല്ലാവരോടുമായി പറയുന്നത്: “(ദൈവത്തിന്റെ) രാജ്യവും നീതിയും അന്വേഷിച്ചു കൊൾവിൻ” എന്നാണ് (മത്തായി 6:33; എംഫസിസ്മൈൻ). യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ കാര്യങ്ങളും (സഭയടക്കം) നമ്മുടെ ലോക ജീവിത കാര്യങ്ങളുമായി താരതമ്യം ചെയ്തു നോക്കിയാൽ ലോക വസ്തുക്കൾ ഒന്നുമല്ല - എന്നാൽ അവ നമ്മുടെ ആത്മീയ കാര്യങ്ങളിൽ ഇടപെടുമ്പോൾ അവ നമ്മുടെ ജീവിതത്തിൽ നിന്നു പുറത്തു കളയണം. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ദൈവരാജ്യം ആയിരിക്കണം.

“ചോദ്യമിതാണ്, ദൈവരാജ്യം കൈവശമാക്കുവാൻ മറ്റെന്തും പരിത്യജിക്കുവാൻ ഞാൻ തയ്യാറാണോ?”

ഒരിക്കൽ ഒരിടത്ത്, കുട്ടികളായിരിക്കുമ്പോൾ മുതൽ പരസ്പരം അറിയുന്ന രണ്ടു പേർ ഉണ്ടായിരുന്നു, അനവധി വർഷങ്ങൾക്ക് ശേഷം അവർ ഒരുമിച്ചു കണ്ടു. ഒരാൾ എളിമയുള്ള ഒരു ക്രിസ്ത്യാനി. ലൗകികമായി കുറച്ചു വസ്തുക്കൾ മാത്രമുള്ളവൻ. മറ്റെയാൾ ഈ ലോകത്തിന്റെ ധനത്തിൽ ജീവിത സൗഭാഗ്യമെന്ന നിലയിൽ എത്തിയ ആൾ.[15] അവർ കണ്ടുമുട്ടിയപ്പോൾ അവരിൽ ചിലതു പൊതുവായിട്ടുണ്ടായിരുന്നു: രണ്ടുപേർക്കും അവരുടെ ആൺമക്കൾ നഷ്ടപ്പെട്ടിരുന്നു.

ധനികൻ തന്റെ മരണത്തെക്കുറിച്ചു പറഞ്ഞപ്പോൾ, തന്റെ പ്രതീക്ഷയും, സ്വപ്നവുമെല്ലാം തന്റെ മകനെ ചുറ്റിപ്പറ്റി ആയിരുന്നു എന്നയാൾ പറഞ്ഞു. “എന്റെ ബിസിനസ്സ് നടത്തിക്കൊണ്ടു പോകാൻ പ്രതീക്ഷ അർപ്പിച്ചതു എന്റെ മകനിലായിരുന്നു. ഇനി എന്തു ചെയ്യും എന്നെനിക്കറിഞ്ഞു കൂടാ. എന്റെ ജീവിതം പാടെ തകർന്നു” എന്നു പറഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു.

ക്രിസ്ത്യാനി തന്റെ മകന്റെ മരണത്തെക്കുറിച്ചു പറഞ്ഞതു “എന്റെ മകൻ നഷ്ടപ്പെട്ടതിൽ എന്റെ ഹൃദയം വേദനകൊണ്ടു വിങ്ങുകയാണെങ്കിലും അവൻ നല്ലൊരു സ്ഥാനത്താണെന്നു എനിക്കറിയാം. ഇപ്പോൾ ഞാൻ ജീവിക്കുന്നതു എനിക്കും അവന്റെ അടുക്കൽ പോയി ഞങ്ങൾ ഒരുമിച്ചായിരിക്കേണ്ടതിനാണ്”എന്നത്രെ.

ധനികൻ ക്രിസ്ത്യാനിയോടു പറഞ്ഞതു, “നിങ്ങളുടെ വിശ്വാസം എനിക്കു കിട്ടേണ്ടതിന് എനിക്കു സ്വന്തമായുള്ളതെല്ലാം ഞാൻ തരാൻ

തയ്യാറാണ്" എന്ന്.

ക്രസ്ത്യാനി ശാന്തമായി പറഞ്ഞു "അതാണു നിങ്ങൾ അതിനു വേണ്ടി കൊടുക്കേണ്ട വില."

നിധി കൈവശമാക്കാൻ "നമുക്കുള്ളതൊക്കെയും വിൽക്കാൻ" നാം തയ്യാറാണോ?

പലർക്കും ഇതു അന്യായമായി തോന്നിയേക്കാം; പക്ഷെ വാസ്തവത്തിൽ ഇതിനേക്കാൾ കൂടുതൽ ന്യായം മറ്റൊന്നിലുമില്ല. ലോകത്തിലുള്ള നിധി സൂക്ഷിച്ചിരിക്കുന്ന ഷോറൂം ഒന്നു ഊഹിച്ചു നോക്കുക. അവിടേക്കു നാലു പേർ നടന്നു ചെല്ലുന്നു. ഒരാൾ വലിയ ധനികനാണ്, മറ്റൊരാൾ ഒന്നുമില്ലാത്തയാൾ. മറ്റു രണ്ടു പേർ സാമ്പത്തികമായി മദ്ധ്യവർത്തികൾ. അവരിൽ രണ്ടു പേർ നിങ്ങളും ഞാനും പ്രതിനിധീകരിക്കുന്നു. ചുരുക്കി പറഞ്ഞാൽ പ്രതിനിധീക രിക്കുന്ന ആ മനുഷ്യൻ ഞാൻ തന്നെ എന്നു പറയട്ടെ.

ആ കടയിലൂടെ ഞങ്ങൾ നടന്നു നീങ്ങിയപ്പോൾ, ഞങ്ങളുടെ കണ്ണുകൾ നിരനിരയായിരിക്കുന്നവയിൽ പളപള എന്നു മിന്നി തിളങ്ങാൻ തുടങ്ങി. സമയാസമയങ്ങളിൽ വിലയെഴുതിയിരിക്കുന്നതു ഞങ്ങൾ പരിശോധിച്ചു. ഞങ്ങൾക്കു വാങ്ങാൻ കഴിയുന്നതും വാങ്ങാൻ പറ്റാത്തവയും വിലയിരുത്തി. ധനികന് ഏതാണ്ട് അയാൾ ആഗ്രഹിക്കുന്നതെന്തും വാങ്ങാൻ പറ്റും, ദരിദ്രനായ മനുഷ്യനു ഒന്നും വാങ്ങാവുന്നതുണ്ടായിരുന്നില്ല; മൂന്നാമത്തെ ആൾക്കും എനിക്കും കുറേ സാധനങ്ങൾ വാങ്ങാൻ പറ്റും, എന്നാൽ അധികവും ഞങ്ങളുടെ പോക്കറ്റിലുള്ളതിനേക്കാൾ വിലയുള്ളതായിരുന്നു.

അവസാനം ഞങ്ങൾ കടയുടെ നടുവിലെത്തി - അവിടെ ഞങ്ങളുടെ കണ്ണിനു മുൻപിൽ തന്നെയുണ്ട് നിധി. ഞങ്ങളുടെ ഹൃദയമിടിപ്പിന്റെ വേഗത കൂടി. ഞങ്ങളുടെ കണ്ണുകൾ അതിൽ നിന്നും മാറ്റുവാൻ കഴിഞ്ഞില്ല. അതിൽ ഞങ്ങൾ കണ്ണിമയ്ക്കാതെ നോക്കുന്തോറും കടയിലുള്ള മറ്റെല്ലാം ചവറുകൂനപോലെ തോന്നി. നിധി കണ്ടപ്പോൾ ഞങ്ങൾക്കെല്ലാവർക്കും അതു കിട്ടാതെ ഒരിക്കലും സന്തോഷം കിട്ടുകയില്ല എന്നു തോന്നി. അതിന്മേൽ വിലയൊന്നും എഴുതി കണ്ടില്ല. ഞങ്ങൾ ഓരോരുത്തരും ''അതിനു എന്തു വിലയായിരിക്കും?" എന്നു തമ്മിൽ തമ്മിൽ ചോദിച്ചു.

പാവപ്പെട്ടവൻ അവന്റെ പോക്കറ്റിൽ ഉണ്ടായിരുന്ന 5 സെന്റെടുത്തു. അവൻ വിഷമത്തോടു കൂടി പറഞ്ഞു, ''എന്റെ കയ്യിൽ ഇതു മാത്രമേ ഉള്ളൂ" അടുത്തയാൾ തന്റെ പോക്കറ്റു നോക്കി പറഞ്ഞു, "എന്റെ കയ്യിൽ 5 ഡോളർ മാത്രമാണുള്ളത്" ഞാൻ കുറേ നേരത്തേയ്ക്കു ആലോചിച്ചിട്ടു പറഞ്ഞു, "എനിക്കുള്ളതെല്ലാം വിറ്റാൽ ഒരു 5000 ഡോളർ ഉണ്ടാക്കാൻ പറ്റിയേക്കും.'' ''എന്റെ കണക്കെഴുത്തുകാരൻ ഇന്നു കാലത്തെ എന്റെ കണക്കിൽ 5 ദശലക്ഷം

വിലമതിക്കുന്നതുണ്ടെന്നാണ്.'' എങ്കിൽ പോലും സന്തുഷ്ടനായി കാണപ്പെട്ടില്ല. അതിന്റെ കാരണം വ്യക്തമാണ്, നിധിക്കു അതിനേക്കാൾ വിലയുണ്ട്.

ആ സമയത്തു കടയുടെ ഉടമസ്ഥൻ കടന്നു വന്നു. സഹായം വല്ലതും വേണോ എന്നു ചോദിച്ചു. ഞങ്ങളുടെ കയ്യിൽ മതിയായത്ര പണം ഇല്ലെങ്കിലും ഞങ്ങൾക്കു "ആ നിധിയെത്ര ആനിധിയുടെ വില?" എന്ന് ചോദിക്കേണ്ടതായി വന്നു. ഉടമസ്ഥൻ ചിരിച്ചു കൊണ്ടു പറഞ്ഞു, "നിങ്ങൾക്കതു വാങ്ങുവാൻ കഴിയില്ല - എങ്കിലും കുഴപ്പമില്ല. എന്റെ മകൻ ആണ് അതിനു വില കൊടുത്തത്; നിങ്ങൾ ചെയ്യേണ്ടത് അതു സ്വീകരിക്കുക എന്നതാണ്. എങ്കിലും ഞാൻ മുന്നറിയിക്കട്ടെ നിങ്ങൾ അതിനു വില കൊടുക്കണം."

പ്രത്യാശ ഞങ്ങളുടെ ഹൃദയങ്ങളിൽ വളർന്നു. ചിലപ്പോൾ ആ നിധി ഞങ്ങളുടേതായേക്കാം. എങ്കിലും ചോദ്യം ഞങ്ങളിൽ തന്നെ കിടന്നു അതിനു നാം "എന്തു വില കൊടുക്കണം?"

ഉടമസ്ഥൻ ആ പാവപ്പെട്ട മനുഷ്യനിലേയ്ക്കു തിരിഞ്ഞു, "നിന്റെ കയ്യിൽ എന്തുണ്ട്?" ''എന്റെ കയ്യിൽ 5 സെന്റു മാത്രമേ ഉള്ളൂ.'' ഉടമസ്ഥൻ പറഞ്ഞു "അതാണു നീ കൊടുക്കേണ്ട വില."

ഉടസ്ഥൻ അടുത്ത ആളിലേക്കു തിരിഞ്ഞു, ''നിന്റെ കയ്യിൽ എത്രയുണ്ട്?" "അഞ്ചു ഡോളർ" "അതാണു നീ കൊടുക്കേണ്ട വില."

അയാൾ എന്നെ നോക്കി "നിന്റെ കയ്യിൽ എത്രയാണുള്ളത്?" എന്നായി. "ഞാൻ വിചാരിച്ചാൽ എനിക്കുള്ളതെല്ലാം വിറ്റാൽ 5000 ഡോളർ ഉണ്ടാക്കാൻ പറ്റിയേക്കും.''മറുപടി,''അതാണു നീ കൊടുക്കേണ്ട വില."

അവസാനം പണക്കാരന്റെ അടുക്കൽ പോയി ചോദിച്ചു, "നിന്റെ കയ്യിൽ എത്രയുണ്ട്?" അവൻ പറഞ്ഞു "അഞ്ചു ദശലക്ഷം" "അതാണു നീ കൊടുക്കേണ്ടതു എന്നു പറഞ്ഞു."

ഇതിനേക്കാൾ ന്യായം മറ്റെന്താണ്? നിങ്ങൾക്കു 5 സെന്റാണു ഉള്ളതെങ്കിലും 5 ദശലക്ഷമാണുള്ളതെങ്കിലും വില ഒന്നു തന്നെ നിങ്ങൾക്കുള്ളതെല്ലാം. നമുക്കുള്ളതിൽ കൂടുതൽ ദൈവം നമ്മിൽ നിന്നു ആഗ്രഹിക്കുന്നില്ല. അവൻ ചോദിക്കുന്നതു നമുക്കുള്ള തെല്ലാമാണ്.

സ്പഷ്ടമായും ലോകത്തിൽ ധാരാളം പേരും അധികവില വിചാരിക്കുന്നവരാണ്. "ഞങ്ങൾക്കു അത്തരം ത്യാഗത്തിനു കഴിവില്ല." എന്നു അവർ വിലപിക്കും. ''ഞങ്ങൾ പിടിച്ചു വെയ്ക്കാൻ ഇഷ്ടപ്പെടുന്ന ചില വസ്തുക്കളുണ്ട്. ഞങ്ങളുടേതെല്ലാം കൊടുപ്പാൻ സാധ്യമല്ല.'' നിങ്ങളുടെ തീരുമാനം അതാണെങ്കിൽ അങ്ങനെ ഇരിക്കട്ടെ. എന്നാൽ ഇതു ഗൗരവമായി പരിഗണിക്കുക. നിങ്ങൾ ആ ത്യാഗത്തിനു തയ്യാറായില്ല എങ്കിൽ ജീവിതം എന്താണെന്നറിയാതെ

അവകാശത്തിനുള്ള അവസരം നിങ്ങൾ നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ മനസമാധാനവും അഗാധമായ സന്തോഷം നൽകുന്ന പ്രത്യാശയും നിങ്ങൾ ഉപേക്ഷിക്കുകയാണ്. നിങ്ങൾ ഈ ലോകത്തിലെ ഒന്നിനും നല്കാൻ കഴിയാത്ത ശ്രേഷ്ടവും നിത്യവുമായ ജീവിതത്തെ പുറം തിരിഞ്ഞുകളയുകയാണു ചെയ്യുന്നത്.

44-ാം വാകൃത്തിലെ ഒരു ചെറിയ പദപ്രയോഗം നിങ്ങൾ വിട്ടുകളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ''സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ച നിധിയോടു സാദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു തന്റെ *സന്തോഷത്താൽ* ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി." (എംഫസിസ് മൈൻ) "സന്തോഷത്താൽ" നേരെ മറിച്ചു "ഇതെന്തു ത്യാഗമാണ്! എന്റെ ആടിനേയും കഴുതയേയും എന്റെ ഭാരൃയുടെ പുറംപകിട്ടുള്ള നെക്ലസും ഈ നിധി വാങ്ങാൻ ചിലവിടണോ? ഇതു വളരെ കൂടുതലാണെന്നു" വിചാരിച്ചു എങ്കിലോ? തീർച്ചയായും അയാൾ അതു വിചാരിച്ചില്ല. ഞാൻ ഊഹിക്കുന്നതു അവൻ ചെവിക്കു ചെവി അറിയാതെ തന്റെ അല്പമായ സമ്പാദ്യങ്ങളെ വിൽക്കുവാൻ പോയപ്പോൾ അവൻ പാട്ടു പാടിക്കൊണ്ടാകാം പോയിരിക്കുക. കാരണം അവൻ വിൽക്കുന്നതിനേക്കാൾ അധികമാണ് അവനു കിട്ടാൻ പോകുന്നത്!

നമുക്കുള്ളതെല്ലാം വിട്ടുകളയുവാൻ മുഖ്യമായും നാം കൈവശപ്പെടുത്താനിരിക്കുന്ന നിധിയുടെ അമൂല്യത നാം മനസ്സിലാക്കിയിരിക്കണം. അതിൽ നാം ഒരിക്കൽ അതിന്റെ വില മതിയ്ക്കാൻ കഴിഞ്ഞാൽ അതിനു വേണ്ടി വലിയൊരു ത്യാഗമൊന്നും ചെയ്യാൻ നമ്മെക്കൊണ്ടാവില്ല. നമുക്കു ചെയ്യാൻ കഴിയുന്ന ഏതും അല്ലെങ്കിൽ ദൈവം എല്ലാം നമുക്കു ചെയ്തതും ചെയ്യാനിരിക്കുന്നതുമായി താരതമ്യം ചെയ്താൽ അതൊന്നുമല്ല. പൗലൊസ് ഫിലിപ്പിയർക്കു ലേഖനം എഴുതുമ്പോൾ, തനിക്കു മുൻപു വിലമതിപ്പുണ്ടായിരുന്നവയുടെ പട്ടിക നിരത്തുന്നുണ്ട്.

> എങ്കിലും എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു. അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം *ചേതം എന്നു എണ്ണുന്നു* (ഫിലിപ്പിയർ 3:7, 8; എംഫസിസ് മൈൻ)

**ഉപസംഹാരം**

ഈ പാഠത്തിന്റെ ആദ്യഭാഗം കുറേ കണ്ണോടിക്കുമ്പോൾ, അതിലെ ഒരേ രീതിയിലുള്ള വാക്കുകൾ ഇതു ധനികനായ യുവാവിന്റെ

സംഭവമാണെന്നു ധരിച്ചേക്കാം. നിത്യജീവൻ അവകാശമാക്കുവാൻ എന്തു ചെയ്യണമെന്ന ആകാക്ഷയോടെയാണ് ധനികനായ യുവാവ് യേശുവിന്റെ അടുക്കൽ വന്നത്. യേശു അവനോട്: ''സൽഗുണ പൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുക എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്കുക എന്നു പറഞ്ഞു'' (മത്തായി 19:21).[10] വേറൊരു വിധത്തിൽ പറഞ്ഞാൽ ''നിക്ഷേപം കിട്ടണമെന്നുണ്ടെങ്കിൽ നിങ്ങളുടെ ചവറുകൾ ഉപേക്ഷിക്കണം" നിർഭാഗ്യവശാൽ ധനികനായ യൗവനക്കാരൻ ആ ചവറു പിടിച്ചു വെക്കുവാനാണ് ആഗ്രഹിച്ചത് – അതുകൊണ്ടു അവൻ ദു:ഖിച്ചു പൊയ്ക്കളഞ്ഞു.

വില പേശി എടുക്കാവുന്ന മേശപ്പുറത്തല്ല നിധി വെച്ചിരിക്കുന്നത് അതിനു പകുതി വിലയില്ല. വില എല്ലായ്പ്പോഴും ഒന്നു തന്നെ. നിങ്ങൾക്കുള്ളതെല്ലാം നിങ്ങൾ ആരായിരുന്നാലും കർത്താവിനു സമർപ്പിപ്പാൻ മനസ്സുണ്ടെങ്കിൽ, നിധി – അനുഗ്രഹങ്ങൾ നിങ്ങളുടേതായി തീരും!

---

കുറിപ്പുകൾ

[1]വിലപിടിപ്പുള്ള വസ്തുക്കൾ സൂക്ഷിക്കുന്ന അത്തരം സ്ഥലമാണ്. അതിനു ചിലപ്പോൾ പലിശയും കൊടുക്കേണ്ടി വരും "ബാറ്റ്" എന്നു (NASB) പറഞ്ഞു (മത്തായി 25:27). [2]ആളുകൾ തങ്ങളുടെ പണം ബാങ്കിൽ നിക്ഷേപിച്ചിട്ടു തിരികെ കിട്ടാതിരിക്കുന്ന പല സംഭവങ്ങളും ചിത്രീകരിക്കാം. അതുകൊണ്ട് അവർ ബാങ്കിൽ വിശ്വസിക്കാറില്ല. അതുകൊണ്ടു ഉറപ്പുള്ള പാത്രങ്ങളിൽ അല്ലെങ്കിൽ, പഴയ ടിന്നിൽ, വീടിന്റെ പുറകിലായി സൂക്ഷിക്കും (ഇന്നു പല സ്വകാര്യസാമ്പത്തിക സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കയും ആനുകാലിക സംഭവങ്ങൾ ചൂണ്ടികാണിക്കാം). [3]മറ്റു സ്ഥലങ്ങളിൽ ഈ സംഭവത്തെ വ്യക്തിപരമാക്കാവുന്നതാണ്. മറച്ചു വെച്ച നിധിയെ കുറിച്ചു മിക്ക സ്ഥലങ്ങളിലും അവരുടെ ഇതിഹാസങ്ങൾ ഉണ്ട്. [4]ജെ. സി ജെയിംസ് അമേരിക്കയിലെ പ്രസിദ്ധനായ. [5]ചില ഒഴിവുകഴിവുകൾ ഉണ്ട്. ഉദാഹരണമായി നാം ആദ്യം കണ്ട (മത്തായി 13:18-23) വിതെക്കുന്നവന്റെ ഉപമ. ഇവ "നിയമത്തെ തെളിയിക്കുന്ന ഒഴിവുകഴിവാണ്". [6]ചില ഉപമകളിലേക്കു നാം തിരിഞ്ഞു അങ്ങനെ ചെയ്താൽ കുഴപ്പമാവും. ഉദാഹരണമായി മടുത്തുകൂടാതെ പ്രാർത്ഥിക്കുന്ന വിധവ (ലൂക്കൊസ് 18:1-8). എല്ലാ പോയിന്റിലും നാം സമാന്തരത കൊണ്ടു വന്നാൽ മനുഷ്യരെക്കുറിച്ചു കരുതലില്ലാത്ത ഒരു ന്യായാധിപനായി ദൈവത്തെ മാറ്റും. [7]അവൻ യെശയ്യാ പുസ്തകത്തിന്റെ ചുരുൾ വായിക്കുകയായിരുന്നു. [8]മൂലഭാഷയിലെ ഈ സന്ദർഭത്തിൽ പറയുന്ന "എല്ലാം" എന്നതു നപുംസകലിംഗത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്നാൽ "മുത്ത്", "മുത്തുകൾ" എന്ന വാക്ക് പുല്ലിംഗ സൂചകമായി ഉപയോഗിച്ചിരിക്കുന്നു. അതു തെളിയിക്കുന്നതു അവൻ തനിക്കുണ്ടായിരുന്ന മുത്തുകൾ മാത്രമല്ല, എല്ലാം വിറ്റു എന്നതാണ്. [9]"ഐ ലൗവസ് ദൈകിങ്ഡം ലോർഡ്" എന്നതിൽ നിന്നാണ് ഉദ്ധരിച്ചത് ACU പ്രസ് (C) 1974-ന്റെ അനുവാദത്തോടെയാണ്. [10]ചിലപ്പോൾ "വലിയ വിലയുള്ള മുത്തായി" യേശുവിനെ ഇന്നു ചിത്രീകരിക്കുന്നുണ്ട്.

[11]ഇതു ഗഖഢ - യിൽ വ്യക്തമാക്കിയിട്ടുണ്ട്. ആധുനിക തർജ്ജിമ ലളിതമായി “അവയോടു ചേർത്തു” അല്ലെങ്കിൽ “അവരുടെ സംഖ്യയോടു”. രാജ്യത്തിന്റെ സഭ/ സ്ഥാപനത്തെക്കുറിച്ചുള്ള ഭാഗം മുമ്പുള്ള പാഠത്തിൽ നല്കിയിട്ടുണ്ട്. നമുക്കറിയാം അവരെ ചേർത്തതു രാജ്യത്തോട് അഥവാ സഭയോട് ആണെന്ന്. [12]ഒരു ചുമരിനെ ചൂണ്ടി ഇതു ചിത്രീകരിക്കാം. ഒന്നിലധികം വാതിലുകൾ ഉണ്ടെങ്കിൽ അതു നല്ല ചിത്രീകരണമായി തീരും. [13]ഈ ചിത്രീകരണം, യേശു പേരിട്ട രണ്ടു രീതികൾ വേറൊരു രീതിയിൽ ചിത്രീകരിക്കാവുന്നതാണ് (മത്തായി 7:13, 14). [14]അനേക മിഷനറികൾ സുവിശേഷം നഷ്ടപ്പെട്ട് മറിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു അക്ഷരികമായി പങ്കിട്ടിട്ടുണ്ട്. [15]നിയമപ്രകാരം സമ്പാദിക്കുകയും, മുൻഗണന സത്യസന്ധമായി സൂക്ഷിക്കുകയും മറ്റുള്ളവരുടെ അനുഗ്രഹത്തിനായി ഉപയോഗിക്കയും ചെയ്താൽ ധനികനാകുന്നതിൽ തെറ്റില്ല. ഇങ്ങനെ ചുരുക്കം ചിലർക്കേ ധനികരായി, നേരായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നു ബൈബിൾ സൂചിപ്പിക്കുന്നു (മത്തായി 19:23, 24; 1 തിമൊഥെയൊസ് 6:9, 10, 17-19). ഈ സംഭവത്തിലെ മനുഷ്യൻ ധനികൻ ആകുവാൻ ശ്രമിച്ചപ്പോൾ വാസ്തവത്തിൽ പ്രാധാന്യമുള്ളതു നഷ്ടമായി. [16]ഈ യവനക്കാരന്റെ ഹൃദയത്തിലുണ്ടായിരുന്ന അത്യാഗ്രഹത്തെ നീക്കി മുഴുവൻ സമയ ശിഷ്യനാക്കുവാനാണ് യേശു പ്രവർത്തിച്ചതു. പത്രോസിനോടും അന്ത്രയോസിനോടും പറഞ്ഞതിനോടു തുല്യമായ വാക്കുകളാണ് യേശു ആ യവനക്കാരനോടും പറയുന്നതു “നിന്റെ വല വിട്ടുകളഞ്ഞു എന്നെ അനുഗമിക്ക”.

---

**അവർക്കുണ്ടായിരുന്നതെല്ലാം**

വ്യാപാരി, ക്രിസ്തു തനിക്കുള്ളതെല്ലാം *വിറ്റു* മുത്തു വാങ്ങുകയും വിജയിക്കുകയും ചെയ്തു (മത്തായി 13:46).

ഇളയ മകൻ, പാപി, സുഖത്തിനുവേണ്ടി, എല്ലാം *നാനാവിധമാക്കി,* എന്നാൽ പരാജയപ്പെട്ടു (ലൂക്കോസ് 15:13, 14).

രോഗിയായ സ്ത്രീ ആരോഗ്യത്തിനായി തനിക്കുള്ളതെല്ലാം *ചെലവഴിച്ചു,* എന്നാൽ പരാജയപ്പെട്ടു (മർക്കോസ് 5:26).

നിരാലംബയായ വിധവ തനിക്കുണ്ടായിരുന്നതെല്ലാം കർത്താവിന് *സമർപ്പിച്ചു,* അവന്റെ അഭിനന്ദനം നേടി (മർക്കോസ് 12:43, 44).

ആർച്ചിബാൽഡ് നേയ്സ്മിത്ത്